ശ്രീ. കെ. കരുണാകരൻ : വിധി വരുന്നതിന് വളരെ മുമ്പാണ് എഴുതിയത്. 1978-ലെ ഗവൺമെന്റ് ഈ വെരിഫിക്കേഷൻ നടത്താമെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അത് നടന്നിരുന്നു. പിന്നീടാണ് അത് റദ്ദ് ചെയ്തത്. ഇപ്പോഴും അത് തുടരാൻ പാടില്ലായെന്ന് വ്യക്തമായി കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

നേഴ്സുമാരുടെ ജോലി സമയം

* 98. [99] ശ്രീ. എം. ജിനദേവൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. ഒ. ഭരതൻ :
,, ലോനപ്പൻ നമ്പാടൻ :
ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേഴ്സുമാരുടെ ജോലി സമയം 8 മണിക്കൂറായി നിശ്ചയിച്ചു കിട്ടണമെന്ന് ആരോഗ്യവകുപ്പിലെ നേഴ്സുമാർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) നേഴ്സുമാരുടെ ജോലി സമയം 8 മണിക്കൂറാക്കണമെന്ന് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടില്ല. സർക്കാർ ആശുപത്രികളിലെ നഴ്സുമാരുടെ നിലവിലുള്ള ജോലി സമയം ഇപ്രകാരമാണ്.

ആദ്യ ബാച്ച് : രാവിലെ 8 മണി മുതൽ വൈകുന്നേരം 4 മണി വരെ (8 മണിക്കൂർ)

രണ്ടാമത്തെ ബാച്ച് : രാവിലെ 8 മണി മുതൽ ഉച്ചക്ക് 1 മണി വരെയും, വൈകുന്നേരം 4 മണി മുതൽ 6 മണി വരെയും (7 മണിക്കൂർ)

മൂന്നാമത്തെ ബാച്ച് : വൈകുന്നേരം 6 മണി മുതൽ രാവിലെ 8 മണി വരെ (14 മണിക്കൂർ)

ഈ രീതിയിൽ ഒരാഴ്ച ജോലി നോക്കുന്നവർക്ക് ഒരു ദിവസം പകലും രാത്രിയും ഉൾപ്പെടെ ജോലി ഇളവ് നൽകുന്നുണ്ട്. കൂടാതെ ആഴ്ചതോറും ഷിഫ്റ്റ് മാറി നൽകുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി റെഫറൽ ആശുപത്രി ആക്കിയപ്പോൾ നഗരത്തിലെ മറ്റ് ആശുപത്രികളിലെ സൗകര്യം വർദ്ധിപ്പിക്കുകയും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുകയുമുണ്ടായി. ഇപ്രകാരം സൃഷ്ടിച്ച അധിക തസ്തികകൾ ഉപയോഗിച്ച് തിരുവനന്തപുരം ജനറൽ ആശുപത്രിയിലും പേരൂർക്കട സർക്കാർ ആശുപത്രിയിലും തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലും പരിഷ്ക്കരിച്ച നിലയിൽ ഷിഫ്റ്റ് സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇവയുടെ സമയക്രമം ഇപ്രകാരമാണ്.

ഒന്നാമത്തെ ബാച്ച് : രാവിലെ 7.30 മുതൽ ഉച്ചക്ക് 1.30 വരെ (6 മണിക്കൂർ)

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തെ ഷിഫ്റ്റ് : ഉച്ചക്ക് 1 30 മുതൽ വൈകുന്നേരം 7.30 വരെ (6 മണിക്കൂർ)

മൂന്നാമത്തെ ഷിഫ്റ്റ് : വൈകുന്നേരം 7.30 മുതൽ പിറ്റേദിവസം രാവിലെ 7.30 വരെ (12 മണിക്കൂർ)

നേഴ്സുമാരുടെ ജോലി സമയം 8 മണിക്കൂറാക്കിയാൽ ആശുപത്രികളിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തേണ്ടതായി വരും. ആയതിന് എല്ലാ വിഭാഗത്തിലും കൂടുതൽ തസ്തികകളും സൃഷ്ടിക്കേണ്ടതായി വരുന്നതാണ്. ഏതായാലും അയൽ സംസ്ഥാനങ്ങളിലെ നിലവിലുള്ള സമ്പ്രദായം മനസ്സിലാക്കി ഈ കാര്യത്തിൽ ശാസ്ത്രീയമായ പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചാൽ ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് നേഴ്സ് മാരുടെ ജോലി സമയം 8 മണിക്കൂറാക്കി നിശ്ചയിക്കുന്നതിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ ഇവിടത്തെ ജില്ലാ ആശുപത്രിയിൽ 8 മണിക്കൂറാക്കി നിജപ്പെടുത്തുകയുണ്ടായി. ഇത് സംസ്ഥാനത്താകെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : 8 മണിക്കൂർ ജോലി ഇപ്പോഴില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ : നേഴ്സുമാരുടെ അദ്ധ്വാനഭാരം കണക്കിലെടുത്ത് അവരിൽ ആണുങ്ങളുടെ എണ്ണം കുറവായതുകൊണ്ട് കൂടുതൽ ആണുങ്ങളെ നേഴ്സുമാരായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : നഴ്സിംഗിന് യോഗ്യതയുള്ള ആളുകളെ നിയമിക്കുകയാണ് ചെയ്യുന്നത്. ആ നില തുടരുന്നതാണ്.

ശ്രീ. പന്തളം സുധാകരൻ : സ്റ്റുഡൻറ് നേഴ്സസിന്റെ സ്റ്റൈപ്പൻറ് ഇപ്പോഴും നിർത്തലാക്കിയിരിക്കുകയാണ് അതിൽ പ്രതിഷേധിച്ച് അവർ നിരാഹാര സത്യാഗ്രഹവും സെക്രട്ടേറിയറ്റ് പടിക്കൽ നടത്തുന്നുണ്ട്. ദയവായി 1987-ൽ അവസാനിക്കുന്ന ബാച്ചിനു കൂടി നിറുത്തലാക്കിയ സ്റ്റൈപ്പൻറ് തുടർന്ന് നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഇപ്പോഴും ട്രെയിനിംഗ് നടന്നുകൊണ്ടിരിക്കുന്ന ബാച്ചിന്റെ സ്റ്റൈപ്പൻറ് നിറുത്തലാക്കിയിട്ടില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ : ജോലിസമയം 8 മണിക്കൂറാക്കണമെന്ന ആവശ്യത്തിന് നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. ഏറ്റവും വിഷമവും വേദനയും അനുഭവിച്ചുകഴിയുന്ന രോഗികളുമായി ബന്ധപ്പെട്ട് വളരെ ത്യാഗപൂർവ്വം ജോലിചെയ്യുന്ന നേഴ്സുമാരുടെ ജോലിസമയം എന്തുകൊണ്ടാണ് 8 മണിക്കൂറാക്കി ക്ലിപ്തപ്പെടുത്താത്തത്. 8 മണിക്കൂർ ജോലിസമയം അംഗീകരിച്ചാൽ പോരാതെ വരുന്ന ഒഴിവുകളിൽ നേഴ്സുമാരെ നിയമിക്കുന്നതിനും 8 മണിക്കൂറായി നിജപ്പെടുത്തുന്നതിനും തടസം എന്താണ് ?

ശ്രീ. കെ. കരുണാകരൻ : നൂറ്റാണ്ട് പഴക്കമുള്ള ഈ കാര്യം ഇതുപോലെ മാറി മാറി വന്ന മന്ത്രിസഭകൾക്ക് നടപ്പിലാക്കാൻ സാധിക്കാതെ പോന്നതിനു പ്രത്യേകമായ കാരണമുണ്ട്. ഞാൻ ഇവിടെ പറഞ്ഞു. 8 മണിക്കൂറാക്കി സമയം നിജപ്പെടുത്തി കഴിഞ്ഞാൽ ഒരു ഡ്യൂട്ടി കഴിഞ്ഞ് മറ്റേ ഡ്യൂട്ടിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ലേക്ക് നേഴ്സ് വരുന്നതിനിടയിലെ സമയത്തെ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടാകും. മാത്രമല്ല സാമ്പത്തികമായും കൂടും. മറ്റ് പല കാരണങ്ങളുമുണ്ട്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : നേഴ്സിംഗ് വിദ്യാർത്ഥികളുടെ ഈ വർഷത്തെ സ്റ്റൈപ്പൻഡ് നിർത്തലാക്കിയില്ലായെന്ന് പറഞ്ഞു. തൃശ്ശൂരിൽ നേഴ്സിംഗ് വിദ്യാർത്ഥികൾ ഡിമാൻഡിനുവേണ്ടി മെഡിക്കൽ കോളേജ് ആശുപത്രിയുടെ മുൻപിൽ സത്യാഗ്രഹം നടത്തുന്നതുകൊണ്ട് ഹോസ്റ്റലിൽ അവരുടെ മുറികൾ പൂട്ടിയിട്ടിരിക്കുകയാണ്. അവരുടെ പെട്ടിയും പായും എടുത്ത് പുറത്തിട്ടു; അവരെ വഴിയാധാരമാക്കിയിരിക്കുകയാണ്. അവിടെ അന്വേഷിച്ചപ്പോൾ പറഞ്ഞു പ്രത്യേക ടെലഫോൺ നിർദ്ദേശമുണ്ടായിരുന്നു എന്ന് ടെലഫോൺ വർക്ക് ചെയ്തിരുന്നില്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇത്തരം ക്രൂരത കാണിക്കാതിരിക്കുവാൻ നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ടെലിഫോൺ വർക്ക് ചെയ്യാത്തതുകൊണ്ട് പല നിർദ്ദേശങ്ങളും കൊടുക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്

ശ്രീ. വി. സി. കബീർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇസ്മയിലിന്റെ ചോദ്യത്തിന് മറുപടിയായി നേഴ്സിംഗിനു സമയപരിധി നിശ്ചയിക്കാൻ ആഗ്രഹിക്കുന്നില്ല എന്നു പറഞ്ഞു. ആശുപത്രിയിൽ കിടക്കുന്ന രോഗികൾക്ക് അഞ്ചാം നാലു മണിക്കൂർ കഴിഞ്ഞാൽ നേഴ്സുമാർക്ക് ദേഷ്യം വരും. പിന്നെ ഇൻജക്ഷൻ ഒക്കെ ഇഷ്ടം പോലെയാണ്. അവരുടെ പെരുമാറ്റം തന്നെ വളരെ മോശമാകുന്നു. ആശുപത്രിയിൽ പോകുന്ന രോഗികളുടെ ആരോഗ്യം സംരക്ഷിക്കണമെന്ന് മുഖ്യമന്ത്രിക്ക് താല്പര്യം ഉണ്ടെങ്കിൽ ഡ്യൂട്ടി ചെയ്തത് ജോലിസമയ 8 മണിക്കൂറാക്കി നിശ്ചയിക്കുന്നതിന് വേഗത്തിൽ തീരുമാനമെടുക്കുമോ ?

ശ്രീ. കെ. കരുണാകരൻ : കൂടുതൽ സമയം ജോലി ചെയ്യേണ്ടിവരുന്നതുകൊണ്ട് നേഴ്സുമാർക്ക് ഒരിക്കലും ദേഷ്യം വരുന്നില്ല. അവർ ക്ഷോഭിക്കുന്നുമില്ല. അവർ സൗമ്യമായി സേവനം നടത്തുന്നതായിട്ടാണ് എന്റെ അറിവ്.

ശ്രീ. എം. കെ. കേശവൻ : നേഴ്സുമാരുടെ ജോലിസമയത്തെക്കുറിച്ച് കഴിഞ്ഞ ദിവസം മുഖ്യമന്ത്രി സഭയിൽ മറുപടി പറഞ്ഞപ്പോൾ 14 മണിക്കൂർ വരെ ജോലി ചെയ്യുന്നുവെന്ന് പറഞ്ഞു. നമ്മുടെ രാജ്യത്തെ മിക്കവാറും എല്ലാ സ്ഥാപനങ്ങളിലും ഗവൺമെന്റ് സർവ്വീസിലും 8 മണിക്കൂർ ജോലിയായിരിക്കുമ്പോൾ നേഴ്സുമാർക്കും ജോലിസമയം 8 മണിക്കൂറാക്കുന്നതിന് തീരുമാനമെടുക്കുമോ ? നേഴ്സിംഗ് പരീക്ഷ പാസായ ഇഷ്ടംപോലെ കുട്ടികൾ നമ്മുടെ രാജ്യത്തുണ്ട്. അവരെ നിയമിച്ചുകൊണ്ട് ജോലി സമയം മണിക്കൂറാക്കി നിജപ്പെടുത്തുമോ ?

ശ്രീ. കെ. കരുണാകരൻ : മറ്റ് സംസ്ഥാനങ്ങളിൽ ഇന്നുള്ള വ്യവസ്ഥകൾ കൂടി മനസ്സിലാക്കിയതിനുശേഷം എന്തു ചെയ്യണമെന്ന് ശുപാർശ ചെയ്യാൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി കെ. തങ്കപ്പൻ : ഇവിടുത്തെ നേഴ്സിംഗ് വിദ്യാർത്ഥികളായിട്ടുള്ള കുറെ സഹോദരിമാർ സെക്രട്ടേറിയറ്റിനു മുൻപിൽ ദിവസങ്ങളായി സത്യാഗ്രഹം നടത്തുന്നു. കഴിഞ്ഞ ദിവസം പത്രത്തിലും വാർത്ത കണ്ടു. ഞാൻ ഇപ്പോൾ അവരെ കാണുകയും ചെയ്തു. അവർ വല്ല ആവശ്യങ്ങളും ഉന്നയിച്ചുകൊണ്ടോണോ സമരം നടത്തുന്നത്, അതോ ഗവൺമെന്റിന്റെ ശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly

യിൽ പെട്ടിട്ടുണ്ടോ, എന്തൊക്കെ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത് ? ആ സമരം തീരുന്നതുവരെ ടാർപോളിനോ പുതപ്പോ മറ്റ് എന്തെങ്കിലുമോ കൊടുത്ത് പ്രകൃതിക്ഷോഭത്തിൽ നിന്ന് അവരെ രക്ഷപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : സത്യാഗ്രഹ സംവിധാനം ഏർപ്പെടുത്തിക്കൊടുക്കുന്നത് ഗവൺമെൻറിന്റെ ചുമതലയല്ല.

മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ

* 99. [100] ശ്രീ. എൻ. ശക്തൻ നാടാർ :
,, രാഘവൻ പൊഴക്കടവിൽ :
,, എ. സി. ജോസ് :
,, തോപ്പിൽ രവി :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മൽസ തൊഴിലാളികളുടെ മക്കൾക്ക് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് ; ഇനി എന്തെല്ലാം നൽകാൻ ഉദ്ദേശിക്കുന്നു ;

(ബി) 1984-85, 1985-86 എന്നീ വർഷങ്ങളിലും 1986 ഒക്ടോബർ 10 വരെയും മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് നൽകിയിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തെല്ലാം ;

(സി) ലംപ്സം ഗ്രാൻറായി ഓരോ വർഷവും നൽകിയ സംഖ്യ എത്ര ;

(ഡി) ഇതുമൂലം പ്രയോജനം കിട്ടിയ കുട്ടികളുടെ എണ്ണം എത്ര ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) യും (ബി) യും മെട്രിക്കുലേഷന് ശേഷമുള്ള കോഴ്സുകളിൽ പഠനം നടത്തുന്നവർക്ക് നൽകിവരുന്ന സ്കോളർഷിപ്പ് ധനസഹായം 1983-84 വരെ തുടർന്ന് നൽകി. 1984-85 മുതൽ ഹരിജനക്ഷേമ വകുപ്പിൽ നിന്നും മറ്റ് അർഹതയുള്ള ജാതികളിൽപ്പെട്ട കുട്ടികൾക്ക് നൽകിവരുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്കും ലഭ്യമാക്കുകയുണ്ടായി. ഇതുപ്രകാരം ലംപ്സംഗ്രാൻറും സ്റ്റൈപ്പൻഡ്, പോക്കറ്റ്മണി, യഥാർത്ഥ ബോർഡിംഗ് ലോഡ്ജിംഗ് അലവൻസുകൾ, മെഡിക്കൽ അലവൻസ്, ടൂർ അലവൻസ് മുതലായ ആനുകൂല്യങ്ങളാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. കൂടാതെ ഫിഷറീസ് വില്ലേജുകളിലെ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണവും കൊടുത്തുവരുന്നു. ഇതിൽ കൂടുതലായി ആനുകൂല്യങ്ങൾ നൽകാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(സി) 1984-85-ൽ നാല്പത്തിമൂന്നുലക്ഷത്തി മുപ്പത്തി ഓരായിരം രൂപയും 1985-86-ലും 1986-87-ലും ഇതുവരെയും എഴുപതുലക്ഷം രൂപ വീതവുമാണ് മുകളിൽ പറഞ്ഞ ആനുകൂല്യങ്ങളായി നൽകിയ സംഖ്യ.

(ഡി) 1984-85-ൽ അറുപത്തി അയ്യായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ട് വിദ്യാർത്ഥികൾക്കും 1985-86-ൽ ഒരു ലക്ഷത്തി ഇരുപത്തിമൂന്നായിരത്തി അറുനൂറ്റി അൻപത്തിയാറ് വിദ്യാർത്ഥികൾക്കുമാണ് പ്രയോജനം ലഭിച്ചത്. (1986-87-ലെ കണക്ക് ലഭ്യമായിട്ടില്ല)

LIBRARY ARCHIVES Kerala Legislative Assembly